No.P.6 /14

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

## ബസ്സേലിയോസ് തോമസ് പ്രഥമൻ

നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്,**

പരി.സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിന് വേണ്ടി ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ പരി.അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മലങ്കരയിലേക്കയക്കപ്പെട്ട ഊർശ്ലേം പാത്രിയർക്കീസ് ആയിരുന്ന മഹാ പരിശുദ്ധൻ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ 333-ാംമത് അനുഗ്രഹീത ഓർമ്മപെരുന്നാൾ 2014 ഏപ്രിൽ മാസം 24-ാം തീയതി മുതൽ 27-ാം തീയതി വരെ ഭക്തിനിർഭരമായി കൊണ്ടാടുകയാണ്. പരിശുദ്ധന്റെ ദു:ഖ്റോനോ പെരുന്നാൾ വിപുലമായി നടത്തപ്പെടുവാനുള്ള ക്രമീകരണങ്ങൾ പരി.പിതാവ് കബറടങ്ങിയിരിക്കുന്ന വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ ചെയ്ത് വരുന്നു. പരി. സഭ അതിവേഗം വളർച്ച പ്രാപിച്ച് വരുമ്പോൾ ആയതിന് ദൈവം മുൻകൂട്ടി കണ്ട് അയച്ചുതന്ന പരി.ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഏപ്രിൽ മാസം 24,25,26 തീയതികളിലായി നടത്തപ്പെടുന്ന തീർത്ഥയാത്രയിലും, പെരുന്നാൾ ദിവസം നടത്തപ്പെടുന്ന നേർച്ചസദ്യയിലും ദൈവ മക്കളായ നിങ്ങളേവരും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുകൊള്ളണം. കാൽനട തീർത്ഥയാത്രയിൽ കഴിയുന്നത്ര വിശ്വാസികളെ സഹകരിപ്പിക്കുവാൻ ബഹു.വികാരിമാരും, ഭരണസമിതി അംഗങ്ങളും, ക്തസംഘടനാപ്രവർത്തകരും പ്രത്യേകം കരുതേണ്ടതാണ്.

**സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും, പരിശുദ്ധനായ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................**

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും,
2014 ഏപ്രിൽ മാസം 2-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ**